പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 141 — 30.09.2016-ലെ മറുപടിക്ക്

## മലബാർ മേഖലയിലെ യാത്രാക്ലേശം

**ചോദ്യം**

ശ്രീ. എ. എൻ. ഷംസീർ
'' എം. രാജഗോപാലൻ
'' പുരുഷൻ കടലുണ്ടി
'' വി. അബ്ദുറഹിമാൻ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലബാർ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഒരു സമഗ്രപദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ; | (എ) | മലബാർ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കെ.എസ്.ആർ.ടി.സി മുൻപത്തേതിലും കൂടുതൽ സർവ്വീസുകൾ നടത്തി വരുന്നുണ്ട്. ബസിന്റെയും ജീവനക്കാരുടെയും ലഭ്യതക്കനുസൃതമായി ഒരു സമഗ്രപദ്ധതി ഇതിലേയ്ക്കായി ആവിഷ്ക്കരിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി പരിശോധിക്കുന്നതാണ്.<br>മലബാർ മേഖലയിൽ നാഷണലൈസ്ഡ് സ്കീമിന് വിരുദ്ധമല്ലാത്ത എല്ലാ പെർമിറ്റ് അപേക്ഷകളിലും അനുകൂലമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിലെ പ്രധാനപ്പെട്ട പ്രദേശങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് കെ. എസ്. ആർ. ടി. സി.യുടെ ചെയിൻ സർവ്വീസുകളും ടൗൺ റ്റു ടൗൺ സർവ്വീസുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | മലബാർ മേഖലയിലെ പ്രധാന പ്രദേശങ്ങളെ ബന്ധിപ്പിച്ച് കൊണ്ട് കെ.എസ്.ആർ.ടി.സി നിലവിൽ ചെയിൻ സർവ്വീസുകൾ നടത്തി വരുന്നുണ്ട്. ബസുകളുടെയും ജീവനക്കാരുടെയും ലഭ്യതക്കനുസൃതമായി കൂടുതൽ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | ഇതിനായി പുതിയ ഓപ്പറേറ്റിംഗ് സെന്ററുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പുതിയ ഓപ്പറേറ്റിംഗ് സെന്ററുകൾ തുടങ്ങുന്ന കാര്യം പിന്നീട് പരിഗണിക്കുന്നതാണ്. ഉടൻ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ